①

മൂന്നു റഷ്യൻ സുഹൃത്തുക്കൾ

എൻ വി. കൃഷ്ണവാരിയർ

കഴിഞ്ഞ ആഗസ്റ്റിൽ സോവ്യററ് റഷ്യയിൽ ഒരു ഹ്രസ്വകാലപര്യടനം നടത്തിയ ലേഖകൻ, താൻ പരിചയപ്പെടാനിട വന്ന മൂന്നു സാധാരണ വ്യക്തികളിലൂടെ, ആ നാടിന്നുണ്ടായ വളർച്ച ഒന്നു നോക്കിക്കാണുവാൻ ശ്രമിക്കുകയാണ്.

മരത്തെ മതിക്കേണ്ടതു് പഴം നോക്കിയാണെങ്കിൽ, ഒരു സാമൂഹ്യവ്യവസ്ഥിതിയെ മതിക്കേണ്ടതു് അതു സൃഷ്ടിക്കുന്ന മനുഷ്യരെ നോക്കിയല്ലേ? കഴിഞ്ഞ ആഗസ്റ്റിൽ സോവ്യററ് റഷ്യയിൽ ഒരു ഹ്രസ്വകാലപര്യടനം നടത്തിയതിന്നിടയിൽ പരിചയപ്പെട്ട മൂന്നു സാധാരണ വ്യക്തികളെപ്പററി ഈ ലേഖനത്തിൽ പ്രസ്താവിക്കാം. ഇവരെ അടിസ്ഥാനമാക്കി സോവിയററ് വ്യവസ്ഥിതിയെപ്പററി ഒരു മതിപ്പ് രൂപവൽക്കരിക്കുക സാധ്യവും ഉചിതവുമാണെന്നു ഞാൻ കരുതുന്നു.

ലെനിൻഗ്രാഡിൽവെച്ച് ഒരു ''ഷപീത്തോ''—സഞ്ചരിക്കുന്ന സർക്കസ്സ്—കാണുവാൻ എനിക്ക് അവസരമുണ്ടായി. റഷ്യയിലെ മിക്ക നഗരങ്ങൾക്കും സ്വന്തമായ സ്ഥിരം സർക്കസ്സുണ്ട്. വേനൽക്കാലത്ത് ഇവ മററു പ്രദേശങ്ങളിൽ പര്യടനം നടത്തുന്നു. അപ്പോൾ, സർക്കസ്സില്ലാതെയാവുന്ന പ്രദേശങ്ങളിലേയ്ക്കു് പല സംഘങ്ങളിൽനിന്നും സമാഹരിച്ച കലാകാരന്മാരടങ്ങിയ ''ഷപീത്തോ''കൾ നിയോഗിക്കപ്പെടുന്നു. തുണികൊണ്ടുള്ള താല്ക്കാലിക കൂടാരത്തിൽ നടത്തപ്പെടുന്ന ഇത്തരമൊരു കളിയാണ് ഞാൻ കണ്ടതു്. ഈ സർക്കസ്സിലെ ഏററവും വലിയ ആകർഷണം നടാലിയ ദുറോവ എന്ന സുപ്രസിദ്ധ മൃഗശിക്ഷക സീൽ മത്സ്യങ്ങളെക്കൊണ്ടും കടൽസിംഹത്തെക്കൊണ്ടും പ്രദർശിപ്പിച്ച അഭ്യാസങ്ങളായിരുന്നു. പക്ഷെ നടാലിയയെക്കുറിച്ചല്ല, കർബാൻ കർബാനോവിനെക്കുറിച്ചാണ് എനിക്കു പ്രസ്താവിക്കാനുള്ളതു്.

കർബാൻ കർബാനോവ്

മുപ്പതു മീററർ ഉയരത്തിൽ വിലങ്ങനെ ഒരു കമ്പി, അതിലേക്കു കയറാൻ ചെരിഞ്ഞ് ഒരു കമ്പി. ചെരിഞ്ഞ കമ്പിയിലൂടെ നടന്നു കയറി, വിലങ്ങനെയുള്ള കമ്പിയിലൂടെ മുന്നോട്ടും പിന്നോട്ടും നടക്കുകയും, അതിന്മേൽ നിന്നുകൊണ്ടു് മുന്നോട്ടും പിന്നോട്ടും മറിയുകയും മുട്ടുകുത്തി ഇരുന്നു് കാലടിയിൽ ടവൽ വെച്ച് എടുക്കുകയും, ഒടുവിൽ ചെരിഞ്ഞ കമ്പിയിലൂടെ കീഴ്പോട്ടിറങ്ങുകയും—അത്തരം അഭ്യാസങ്ങൾ കാണിക്കുന്ന ഏതാണ്ടു് മുപ്പത്തഞ്ചു് വയസ്സുള്ള ഒരാളാണ് കർബാൻ. സർക്കസ്സു കണ്ടുകൊണ്ടിരിക്കുമ്പോൾ കർബാനെപ്പററി അത്രയൊന്നും ശ്രദ്ധിക്കേണ്ടതുണ്ടെന്നു തോന്നിയില്ല. അഭ്യാസത്തിന്റെ വൃത്തിയും ലാഘവവും അനായാസതയും അഭ്യാസിയുടെ ശരീരസൗന്ദര്യവും കഴിച്ചാൽ, ഇന്ത്യയിലെ സാധാരണ സർക്കസ്സുകളിൽ കാണാത്തതൊന്നും കർബാൻ കാണിക്കുകയുണ്ടായില്ല.

സർക്കസ്സ് പ്രദർശനം കഴിഞ്ഞ് രാത്രി 11 മണിക്കു് ഹോട്ടലിലെത്തിയപ്പോൾ ഭക്ഷണശാല അടച്ചുകഴിഞ്ഞിരുന്നു. എങ്കിലും മുൻകൂട്ടി ഏർപ്പാടു ചെയ്തിരുന്നതിനാൽ ഞങ്ങൾക്ക് അതിന്നകത്തേക്കു് പ്രവേശനം കിട്ടി. അവിടെ ഒരു മേശക്കു ചുററുമായി കർബാനും, അതേ സർക്കസ്സിലെ മറെറാരഭ്യാസിയായ

അയാൾക്ക് പെൻഷനുണ്ട്. ശമ്പളം അതിന്നു പുറമെയാണ്. ''ബഹുമാന്യകലാകാരൻ'' എന്നും ''ജനകീയകലാകാരൻ'' എന്നും ഉള്ള ബിരുദങ്ങൾ നൽകി അവരുടെ റിപ്പബ്ലിക്ക് അയാളെ ബഹുമാനിച്ചിരിക്കുന്നു. ഈ ബഹുമതികൾക്കൊപ്പം ശമ്പളക്കയററവുമുണ്ട്. അയാൾക്ക് വേണമെങ്കിൽ ഈ മുപ്പത്തഞ്ചാം വയസ്സിൽ ഉദ്യോഗത്തിൽനിന്നു വിരമിച്ച് സ്വസ്ഥമായിരിക്കാം. എങ്കിലും കലയോടുള്ള ആദരം കൊണ്ടാണ് അയാൾ ഇപ്പോഴും പ്രദർശനത്തിന്നു പോകുന്നതു്. പൊക്കവും വണ്ണവും അധികമില്ലാത്ത, സുമുഖനായ, കർബാൻ താനൊരു ഏഷ്യക്കാരനാണെന്നതിൽ അഭിമാനിക്കുന്നു. ഇന്ത്യക്കാരെപ്പോലെ തന്നെ ആതിഥ്യപ്രിയരാണ് ദാഗിസ്ഥാൻകാരുമെന്നും അതിനാൽ ആദ്യപരിചയം പ്രമാണിച്ച്, (ഹോട്ടൽ അടച്ചു കഴിഞ്ഞുവെങ്കിലും) ഒരു ചില്ലം വോഡ്കയിൽ പങ്കു കൊള്ളണമെന്നും കർബാൻ ഞങ്ങളോട് അഭ്യർത്ഥിച്ചു. കോക്കസസ്സ് മലഞ്ചെരുവുകളിലെ ശ്രുതിപ്പെട്ട വൈനുകൾ ലെനിൻഗ്രാഡിൽ കിട്ടാത്തതിൽ അയാൾക്ക് നിർവ്യാജമായ പരിതാപമുണ്ടായിരുന്നു. ഇന്ത്യയിൽ വന്നിട്ടില്ലെങ്കിലും കർബാൻ ലോകത്തിന്റെ പല ഭാഗങ്ങളും സന്ദർശിച്ചിട്ടുണ്ട്. ഫിദേൽ കാസ്ട്രോ തന്റെ സുഹൃത്താണെന്നതിൽ അയാൾ അഭിമാനിച്ചു. താന

തമാര

എന്റെ രണ്ടാമത്തെ സുഹൃത്ത് തമാര എന്നു പേരായ ഒരു ടാക്സി ഡ്രൈവറാണ്. ഈ സ്ത്രീയാണ് ലെനിൻഗ്രാഡിലുള്ള വിൻറർ പാലസ്സും മററു പ്രധാന സ്ഥലങ്ങളും ഞങ്ങൾക്കു കാണിച്ചു തന്നതും, ലെനിൻഗ്രാഡിന്നു അടുത്തുള്ള ''പുഷ്ക്കിൻ'' എന്ന ചെറുനഗരത്തിലേക്കു ഞങ്ങളെ കൊണ്ടുപോയതും. നാല്പതോ നാല്പത്തഞ്ചോ വയസ്സു പ്രായമുള്ള തമാര, സാധാരണ റഷ്യൻ സ്ത്രീകളെപ്പോലെയല്ലാതെ, കൃശഗാത്രിയാണ്. വെയിൽ കൊണ്ടു കരുവാളിച്ച മുഖം. തലമുടി ക്രോപ്പ് ചെയ്തിരിക്കുന്നു. കാതിൽ കടുക്കനിട്ടിട്ടുണ്ട്. എന്റെ കുട്ടിക്കാലത്ത് അത്തരം ''വില്ലു വെച്ച കടുക്കൻ'' ഞാനും ധരിച്ചിരുന്നു! ടാക്സികാറിൽ ഇൻഡിക്കേററർ പാനലിന്റെ മുകളിൽ പുസ്തകങ്ങളും പത്രങ്ങളും വെക്കാൻ ഒരു സംവിധാനം ഉണ്ടാക്കിയിരുന്നതു് ഞാൻ ശ്രദ്ധിച്ചു. മുമ്പ് ഒരു ട്രക്ക് ഡ്രൈവറായിരുന്ന തമാര ടാക്സിഡ്രൈവറായതു പല തരം ജനങ്ങളുമായി പരിചയപ്പെട്ട് നിത്യനൂതനമായ ജീവിതം നയിക്കാൻ ഈ തൊഴിൽ സഹായിക്കുന്നതു കൊണ്ടാണ്. റഷ്യയിൽ ടാക്സികൾ മുഴുവൻ രാഷ്ട്രത്തിന്റെ വകയാണ്. ഡ്രൈവർമാർക്ക്, അവർ ചെയ്യുന്ന ജോലിക്കനുസരിച്ച്, ശമ്പളം കിട്ടുന്നു. കഴിഞ്ഞ മാസത്തിൽ തനിക്കു്

തമായിരുന്നു. വഴിയിൽ കാണുന്ന മിക്ക ടാക്സി ഡ്രൈവർമാരോടും അവൾക്ക് എന്തെങ്കിലും പറയാൻ കാണും. ചിലപ്പോൾ കാർ നിർത്തി അവൾ അവരോട് സിഗരററ് വാങ്ങി വലിക്കും. ടാക്സി ഡ്രൈവർമാരുടെ സംഘടനയിൽ ഒരു പ്രമുഖപ്രവർത്തകയാണ് തമാര എന്നു തോന്നി. കൃശഗാത്രിയെങ്കിലും ഇരുമ്പു പോലുള്ള മാംസപേശികളും അത്ര തന്നെ ഉറച്ച അഭിപ്രായങ്ങളും ഈ സ്ത്രീക്കുണ്ടായിരുന്നു. യാദൃച്ഛികമായാണ് ഞങ്ങൾ തമാരയുടെ ടാക്സിയിൽ കയറിക്കൂടിയതു്. ഒരു സാധാരണ ടാക്സി ഡ്രൈവറെന്നതിൽ കവിഞ്ഞൊന്നുമല്ല തമാര—അദ്ധ്വാനിക്കുന്ന വർഗത്തിലെ ഒരു സാധാരണാംഗം. സ്വപ്രത്യയസ്ഥൈര്യവും, തങ്ങൾ പടുത്തുയർത്തിയ സാമൂഹ്യവ്യവസ്ഥിതിയെപ്പററി അഭിമാനവും, സഹസൗമുഖ്യവും, ആളിക്കത്തുന്ന ജിജ്ഞാസയും, എന്തും ചോദ്യം ചെയ്തു നോക്കാനുള്ള സന്നദ്ധതയും അവളിൽ തെളിഞ്ഞു കാണാമായിരുന്നു. രണ്ടാം മഹായുദ്ധത്തിൽ തൊള്ളായിരം ദിവസങ്ങളോളം ജർമ്മൻ പട്ടാളക്കാരാൽ വളയപ്പെട്ടു കിടന്ന ലെനിൻഗ്രാഡിൽ ഏഴു ലക്ഷത്തോളം പേർ പട്ടിണി കൊണ്ടു മരിക്കുകയുണ്ടായി. നഗരത്തിന്റെ പകുതിയിലേറെ നശിപ്പിക്കപ്പെട്ടു. ആ ഇരുണ്ട ദിവസങ്ങളെപ്പററി സംസാരിക്കുമ്പോൾ തമാരയുടെ കണ്ണുകൾ ജ്വലിച്ചിരുന്നു. അന്ന് അവൾക്ക് നന്നെ ചെറുപ്പമായിരുന്നെങ്കിലും അതെല്ലാം അവൾ ഓർമ്മിക്കുന്നുണ്ട്. ഒരു ഷോപ്പ് കീപ്പറായിരുന്ന അവളുടെ അച്ഛൻ കാൻസർ ബാധിച്ച് മരിച്ചത് ആയിടക്കാണ്. അത്തരമൊരവസ്ഥ [illegible] വാകാതിരിക്കാൻ, വീണ്ടും [illegible] ണ്ടാവാതിരിക്കാൻ, എന്ത് [illegible] ം തമാര തയ്യാറാണ്. [illegible] അർത്ഥത്തിൽ റഷ്യൻ വി[illegible]ന്റെ ഒരു പുത്രിയാണ് ഈ [illegible] വർ എന്നു് എനിക്കു [illegible]

ഒരു [illegible]ർ

പേരറിഞ്ഞ [illegible] സുഹൃത്തിനെക്കൂടി നിങ്ങ[illegible] ചയപ്പെടുത്തി[illegible]ക്കൊണ്ട് ഈ ലേ[illegible] വസാനിപ്പിക്കാം. ബാൾട്ടിക[illegible] തീരത്ത് ലാററ്വിയ റിപ്പബ്ലി[illegible] ഒരു സുഖവാസസ്ഥലമായ യൂ[illegible]ിൽ വെ

ബാൾട്ടിക്ക് ഉൾക്കടൽപ്രദേശത്തെ ഏററവും വലുതും ഏററവും മനോഹരവുമായ വിശ്രമസ്ഥാനമാണ് യൂർമാല. [illegible] [illegible] സോവ്യററ് ലാററ്വ്യയിലുള്ളവർക്കും സന്ദർശകർക്കും ഇഷ്ടപ്പെട്ട താവളമാണ്.

ഓണാഘോഷത്തിൽ കൈകൊട്ടിക്കളിച്ച സിംഗപ്പൂരിലെ മലയാളിബാലികമാർ

വക്കീലിനോടു ചോദിക്കുക

-പിപ്പലാദൻ-

കേസു കൊടുത്ത് ഒഴിപ്പിക്കണം—

ചോദ്യം—എനിക്കു ഗവർമ്മേണ്ട് 1961–ൽ പതിച്ചുതന്ന റബ്ബർ കൃഷിസ്ഥലത്തിന്റെ അടുത്തുള്ള ഒരു വസ്തു ഉടമസ്ഥൻ എന്റെ സ്ഥലത്തുള്ള ഏതാനും റബ്ബർ മരങ്ങൾ [illegible] ചെയ്തിരിക്കുന്നു. അതിനോടു ചേർന്നു കിടക്കുന്ന അത്രയും സ്ഥലത്തു റബ്ബർ അയാൾ വെച്ചതാണെന്നാണ് പറയുന്നതു്. അതു തെററാണ്. അതിനെക്കുറിച്ച് തർക്കമുണ്ടായപ്പോൾ സർവ്വേ ഡിപ്പാർട്ടുമെൻറിൽ നിന്നും നേരിട്ട് അളന്നപ്പോൾ ഒരു കല്ലു കൂടാതെ ബാക്കിയെല്ലാം കൃത്യസ്ഥലത്തുതന്നെ കിടപ്പുണ്ട്. വ്യത്യാസം വന്ന കല്ല് ടിയാൻ മാററിയിട്ടു എന്നു തെളിവുണ്ട്. (വ്യത്യാസം 3 ലിങ്ക്സ്) ടിയാൻ കയ്യേററം ചെയ്ത വിവരം കാണിച്ചു അധികാരികളെ വിവരം അറിയിച്ചിട്ടും യാതൊരു നടപടിയും ഇതുവരെ ചെയ്തു കാണുന്നില്ല.

ഉ—നിങ്ങളുടെ പ്രശ്നത്തിന്നു ഡിപ്പാർട്ടുമെൻറ് അധികാരികൾ പരിഹാരം തരുന്നില്ലെങ്കിൽ മുൻസീഫ് കോടതിയിൽ അന്യായം കൊടുത്തു നിങ്ങളുടെ അവകാശം സ്ഥാപിക്കണം. എന്നാൽ കൈയ്യേററം ചെയ്ത സ്ഥലം നിങ്ങൾക്കു കൈവശം കിട്ടും.

ഒ[illegible]സ്വത്തും അവകാശപ്രശ്നവും

ചോ—ഏകദേശം ഏഴു വർഷം മുമ്പു ഞങ്ങളുടെ അമ്മായി അവരുടെ വസ്തുക്കളെല്ലാം വലിയച്ഛന്റെ (അച്ഛന്റെ ജ്യേഷ്ഠൻ) ഒരു മകൾക്ക് ഇഷ്ടദാനം കൊടുത്തു. അമ്മായി (അച്ഛന്റെ പെങ്ങൾ) ക്കു സന്താനങ്ങളൊന്നുമില്ല. രമ്യതയിലിരുന്ന [illegible] ഴാണ് ഇഷ്ടദാനം ചെയ്തതു്. എന്നാൽ വസ്തു കിട്ടിയപ്പോൾ അവർ മറുതിരിഞ്ഞു. വഴക്കായി. ഇപ്പോൾ അവർ വലിയച്ഛന്റെ വീട്ടിലും അമ്മായി സ്വന്തം വീട്ടിലുമാണ്. അമ്മായിയുടെ കാലശേഷമാണ് വസ്തുക്കളും വീടും അവർക്കു അനുഭവത്തിന്നു പറഞ്ഞിട്ടുള്ളതു്. ഇ[illegible] പവരെ ഈ വസ്തുവിന്മേൽ വാങ്ങ നല്ല അധികാരം അമ്മായിക്കുള്ളൂ.

ഇപ്പോൾ വസ്തുക്കളും കേസു കൊടുത്തു [illegible] വാങ്ങ ഞങ്ങൾക്കു തരണമെന്നാണ് ആഗ്രഹം. (ഞങ്ങളുടെ കൂടെയാ

കാരണവസ്ഥാനവും കൈകാര്യകർത്തൃത്വവും

ചോ—ഞങ്ങളുടെ കുടുംബത്തിൽ എന്റെ അമ്മയും 12 കൊല്ലമായി ഭ്രാന്തുള്ള ഒരു ജ്യേഷ്ഠനും വിവാഹിതരായ 3 സഹോദരികളും ഉൾപ്പെടുന്നു. ഞങ്ങൾ നമ്പൂതിരി സമുദായക്കാരാകുന്നു. തറവാട്ടിൽ കാരണവരായിരുന്ന അച്ഛൻ എനിക്കു 12 വയസ്സുള്ളപ്പോൾ മരിച്ചു. എനിക്കു പ്രായപൂർത്തിയാകുന്നതുവരെ തറവാട്ടുവക കാര്യങ്ങൾ ബന്ധുക്കളുടെ സഹായത്തോടെ അമ്മയും അതിനുശേഷം ഞാനും നടത്തിച്ചു. 29 വയസ്സായ എനിക്കു തറവാട്ടുവക കൈകാര്യവും കാരണസ്ഥാനവും ഇല്ലെന്നും പാട്ടം വാങ്ങൽ മുതലായതുകൾക്കു നിയമസാധുതയില്ലെന്നും പറഞ്ഞുകൊണ്ട് വിധവയായ എന്റെ അമ്മ ഒരു പത്ര അറിയിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ''നമ്പൂതിരി നിയമ പ്രകാരം തറവാട്ട് വക സ്വത്തുക്കളിൽ കൈകാര്യമേലന്വേഷണവും കാരണസ്ഥാനവും വിധവയായ അമ്മയ്ക്കോ എനിക്കോ ?

ഉ—നിങ്ങൾക്ക് കാരണസ്ഥാനവും കൈകാര്യകർത്തൃത്വവും ജന്മനാ കിട്ടിയിട്ടില്ല. അതിന്നു കോടതിയുടെ ഒരു ഉത്തരവു ആവശ്യമാണ്. അതുവരെ അതില്ലെന്നു പറയുവാൻ നിങ്ങളുടെ അമ്മയ്ക്കു അവകാശമുണ്ട്. ജ്യേഷ്ഠൻ ഭ്രാന്തനാണെങ്കിലും അദ്ദേഹമാണല്ലോ കാരണവർ. അദ്ദേഹത്തിന്നു ഭ്രാന്താണെന്നതിന്നു കോടതി ഉത്തരവുണ്ടായാലേ നിങ്ങൾക്കു കൈകാര്യകർത്തൃത്വം കിട്ടുകയുള്ളൂ. അപ്പോഴും കാരണവസ്ഥാനം കിട്ടുന്നതുമല്ല.

കവിത തുളുമ്പുന്ന കഥകൾ

ശാപം

ഖലീൽ ജിബ്രാൻ

മുപ്പതു കൊല്ലം മുമ്പാണ്. ഒരു കിഴവൻ മുക്കുവൻ പറഞ്ഞു: ''ഒരു മുക്കുവച്ചെറുക്കൻ എന്റെ കൊച്ചു മകളെ തട്ടിക്കൊണ്ടുപോയി. ലോകത്തിൽ എല്ലാററിലും വെച്ച് ഞാൻ അധികം ഇഷ്ടപ്പെടുന്നത് എന്റെ മകളെയാണ്. എനിക്കു് ഏററവും വിലപിടിച്ച വസ്തുവും അവൾ തന്നെ. അതിനാൽ ഞാൻ ആ ചെറുക്കനെ കരളുരുകിശ്ശപിച്ചു 'നശിച്ചു പോകട്ടെ'യെന്ന്.

കുറച്ചു ദിവസത്തിന്നു ശേഷം ഞാൻ എന്താണ് കേട്ടതെന്നോ? സമുദ്രത്തിൽ തോണി മുങ്ങുകയാൽ അവൻ മരിച്ചു പോയെന്ന്. കൂട്ടത്തിൽ എന്റെ മകളും മരിച്ചു പോയി. കഷ്ടം, എന്റെ ഓമന മകൾ നഷ്ടപ്പെട്ടു! ഇപ്പോൾ, രണ്ടാളെക്കൊന്ന പാപം എനിക്കുണ്ടെന്ന് ഞാൻ കരുതുന്നു—പേടിയില്ലാത്ത ഒരു ചെറുക്കനേയും പാവപ്പെട്ട ഒരു പെണ്ണിനേയും. എന്തായാലും, എന്റെ ശാപമാണ് അവന്റെ നിർമ്മൂലനാശം വരുത്തിയത്. മരണത്തിലേക്ക് കാലു നീട്ടിയിരിക്കുന്ന ഞാൻ ഇന്ന് ഈശ്വരനോട് എന്റെ തെററിന്ന് മാപ്പിരക്കുകയാണ്.''

ഇതു പറയുമ്പോൾ കിഴവന്റെ കവിളിൽ കണ്ണീർ ഒഴുകിയിരുന്നുവെന്നത് ശരി തന്നെ. പക്ഷെ, തന്റെ ശാപം ഫലിച്ചുവല്ലോ എന്ന ചാരിതാർത്ഥ്യമല്ലേ ആ കണ്ണുകളിൽ തിളങ്ങിയിരുന്നത്?

(വിവർത്തനം—വി. ഏ.)

ഡിണ്ടുക്കൽ
റോജാ
വാസന അടങ്ങ
വാസന
പുകയില
Manufacturers:
N. V. K. M. SONS, Dindigul

അതെ,
ഞങ്ങൾ
എല്ലാം
ഉപയോഗിക്കുന്ന
നോഗീസ് മങ്കി
ബ്രാണ്ട്
കറുത്ത
പൽപ്പൊടി...

Telegram: 'SHADOO'
Phone: Depot: 177
Resi: 178, 180
Store: 178-A

SADHOO BEEDIES

ബാൾട്ടിക്ക് ഉൾക്കടൽപ്രദേശത്തെ ഏററവും വലുതും ഏററവും മനോഹരവുമായ വിശ്രമസ്ഥാനമാണ് യൂർമാല. പൈൻ മരങ്ങൾ തിങ്ങിനിൽക്കുന്ന ഈ കടൽക്കര സോവ്യററ് ലാററ്വ്യയിലുള്ളവർക്കും സന്ദർശകർക്കും ഇഷ്ടപ്പെട്ട താവളമാണ്.

അലെക്സാൻഡറും, ലെനിൻഗ്രാഡിൽ ഒരു ഫാക്ടറിയിൽ ജോലിയെടുത്തു കൊണ്ടിരിയ്ക്കവേ വിനോദത്തൊഴിലുകളായി തിരുമ്മലും ഫോട്ടോ—ജേർണ്ണലിസവും നടത്തുന്ന മററൊരാളും ഇരിക്കുന്നുണ്ടായിരുന്നു. അടുത്തു മററൊരു മേശയ്ക്കപ്പുറമായി അത്താഴം ആരംഭിച്ച ഞങ്ങൾ ഈ സർക്കസ്സുകാരോട് സംഭാഷണത്തിലേർപ്പെട്ടു. അങ്ങിനെയാണ് കർബാനെൻറ ജീവിതത്തിലേയ്ക്ക് ഒന്നെത്തിനോക്കാൻ എനിക്കു സാധിച്ചതു്.

ഈരാന്നു് വടക്ക്, ഏഷ്യൻ റഷ്യയിൽ കോക്കസസ്സ് മലകളുടെ വടക്കൻ ചെരുവിൽ കിടക്കുന്ന ദാഗിസ്ഥാൻ എന്ന പ്രദേശത്താണ് കർബാൻ ജനിച്ചതു്. ഈ പ്രദേശത്ത് ധാരാളം നാടോടിസ്സർക്കസ്സുകാരുണ്ടായിരുന്നു. നമ്മുടെ ചന്തസ്ഥലങ്ങളിലും ഉത്സവസ്ഥലങ്ങളിലും സകുടുംബം വന്നു സർക്കസ്സ് വിദ്യകൾ കാണിച്ച് കൂട്ടക്കാരുടെ സംഭാവന വാങ്ങി തൃപ്തിപ്പെടുന്ന ''കരിക്ക''ന്മാരെ പററിയാണ്, കർബാനെൻറ വിവരണം കേട്ടപ്പോൾ, ഞാൻ ഓർമ്മിച്ചതു്. മുസ്ലീമായ കർബാനെൻറ അച്ഛൻ ചെറുപ്പത്തിൽ മരിച്ചു. അമ്മാമനെൻറ ഞാണിന്മേൽക്കളിസ്സംഘത്തിൽ ഏഴാം വയസ്സിൽ ചേർന്ന കർബാൻ ക്രമേണ സർക്കസ്സർവ്വീസിൽ [illegible]ക്കപ്പെട്ടു. റഷ്യയിൽ മൂവായിരത്തിലേറെ സർക്കസ്സ് ആർട്ടിസ്റ്റ്മാരും അവർക്കൊരു കേന്ദ്ര സംഘടനയുമുണ്ട്. എല്ലാ വ്യവസായങ്ങളും പോലെ ''സർക്കസ്സ് വ്യവസായ''വും സ്റ്റേററുടമയിലാണ്. സർക്കസ്സ് പഠിപ്പിക്കാൻ സ്റ്റേററു വക വിദ്യാലയങ്ങളുണ്ട്. അപ്രൻഡീസ്സായി, ശമ്പളമില്ലാതെ, പഠിപ്പ് ആരംഭിക്കുന്ന വിദ്യാർത്ഥിയ്ക്ക്, മററു സ്ഥലങ്ങളിൽ പ്രദർശനത്തിനു പോകുമ്പോൾ, പ്രതിഫലം കിട്ടും. കളിച്ച് കളിച്ച് തെളിഞ്ഞ വിദ്യാർത്ഥി 130 റൂബിളോളം ശമ്പളത്തിൽ (ഒരു റൂബിൾ—8.30 രൂപ) ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നു. 3000 റൂബിൾ വരെ ശമ്പളം കിട്ടുന്ന സർക്കസ്സ് കലാകാരന്മാർ റഷ്യയിലുണ്ട്. പ്രദർശനത്തിന്നിടയ്ക്ക് അപകടം പററിയവർക്ക് മുഴുവൻ ശമ്പളത്തുകയും പെൻഷനായി ലഭിക്കുന്നു.

കർബാന്നു് സർക്കസ്സിൽ 23 കൊല്ലത്തെ സർവ്വീസുണ്ട്. അതിനാൽ ല്ലെങ്കിൽ തന്നെക്കാൾ പ്രശസ്തരായ റഷ്യൻ സർക്കസ്സുകാർ ഇന്ത്യയിൽ വന്നു് ജനങ്ങളുടെ ആദരാഭിനന്ദനങ്ങൾ നേടുമെന്നു് കർബാന്നു് ഉറപ്പുണ്ട്. കമ്പിയിൽ കയറുമ്പോൾ, താഴെ കാണാനിരിയ്ക്കുന്ന ജനങ്ങളുടെ സന്തോഷത്തിൽ മാത്രമാണ് തൻെറ ശ്രദ്ധ. തൻെറ സുരക്ഷിതത്വത്തിൽ അത്യാകാംക്ഷയോടെ, മലർന്ന മുഖങ്ങളും തുടിയ്ക്കുന്ന ഹൃദയങ്ങളുമായി, പതിനായിരക്കണക്കിന്നു് ആളുകൾ താഴത്തുള്ള മങ്ങിയ വെളിച്ചത്തിൽ തിങ്ങിയിരിയ്ക്കുന്നുണ്ടെന്ന വിചാരം തനിയ്ക്കു നൽകുന്ന ആഹ്ളാദത്തെപ്പററി കർബാൻ ആവേശത്തോടെ സംസാരിച്ചു. കാഴ്ചക്കാരുടെ ഓരോ ദീർഘശ്വാസവും, ഓരോ വ്യാക്ഷേപകശബ്ദവും, തനിയ്ക്കു വ്യക്തമായി കേൾക്കാം. ആ കരളുകളോടൊപ്പമാണ് തൻെറ കരളും മിടിയ്ക്കുന്നത്. അവർ തന്നെയാണ് താൻ. ജനങ്ങളുമായുള്ള ഈ ഐക്യബോധത്തിൽ കവിഞ്ഞ് ഒരു കലാകാരന്നു് മറെറന്തു പ്രതിഫലമാണ് കൈവരാനുള്ളത്? കർബാന്നു് രണ്ടു് ആൺമക്കളുണ്ട്. രണ്ടുപേരും സർക്കസ്സുകാരാവണമെന്നും പിതാവിനേക്കാൾ പ്രശസ്തരായ കലാകാരന്മാരായിത്തീരണമെന്നുമാണ് അയാളാഗ്രഹിയ്ക്കുന്നത്.

കോഴിക്കോട്ട് മാതൃഭൂമി ആപ്പീസിൻെറ താഴത്ത്, പഴയ ബസ്സ് സ്റ്റാൻഡിൻെറ ഒഴിഞ്ഞ സ്ഥലത്ത്, ഏറെക്കുറെ ദിവസേന, നിലത്തു മുണ്ടു് വിരിച്ച് അഭ്യാസങ്ങൾ നടത്തി ഇരന്നു പൈസ നേടുന്ന നാടോടിയഭ്യാസികളെക്കുറിച്ച് ഞാനോർത്തു. ഈ അഭ്യാസികളുടേതിൽ നിന്നു വ്യത്യസ്തമായ ഒരു ജീവിതം കർബാനോവിന്നുണ്ടായെങ്കിൽ അതിന്നു കാരണം അമ്പതുകൊല്ലം മുമ്പ് സോവ്യററ് റഷ്യയിൽ നടന്ന സാമൂഹ്യ—രാഷ്ട്രീയ—സാമ്പത്തിക— വിപ്ലവമാകുന്നു. ഒരു തെരുവുസർക്കസ്സുകാരനെ മികച്ച കലാകാരനും വിശാലഹൃദയനായ പൌരനും ലോകരാഷ്ട്രീയനേതാക്കളുടെ ചുമലിൽ കൈ വെച്ചു സംസാരിയ്ക്കുവാൻ കെൽപ്പു നൽകുന്ന ഉൽക്കടമായ ആത്മാഭിമാനമുള്ളവനും സർവ്വോപരി സംസ്കാരസമ്പന്നനായ ഒരു മാന്യനുമാക്കി മാററിയ ഒരു വ്യവസ്ഥിതി ദോഷപൂർണ്ണമാണെന്നു് ആർ പറയും? പറഞ്ഞാൽ ആർ വിശ്വസിയ്ക്കും?

415 റൂബിൾ കിട്ടിയെന്നു് തമാര പറഞ്ഞു. (ഇപ്പോഴത്തെ വിനിമയനിരക്കനുസരിച്ച് ഇതു് 3444.50രൂപയാണ്) കുടുംബച്ചെലവിന്നു് ഈ വരുമാനം ധാരാളം മതി. തമാരയുടെ കുടുംബം താരതമ്യേന വലുതാണ്. രണ്ടു കുട്ടികളും അമ്മയും ഒരു അനുജനും. അമ്മ രോഗിണിയാണ്. മുമ്പൊരിയ്ക്കലും ഒരു ജോലിയും എടുത്തിട്ടില്ല. അതിനാൽ സ്റ്റേററ് വക പെൻഷനായ 30 റൂബിൾ മാത്രമേ അവർക്ക് കിട്ടൂ, സാമൂഹ്യരക്ഷാ വ്യവസ്ഥിതിയിൽ നിന്നു് ഒന്നും കിട്ടാനില്ല. രോഗിണിയെങ്കിലും അമ്മ കുട്ടികളെ നോക്കിക്കൊള്ളും, വീട്ടുപണികളും ചെയ്യും. കുട്ടികളുടെ അച്ഛനും ടാക്സി ഡ്രൈവറായിരുന്നു. മദ്യപിച്ച് കാറപകടത്തിൽ പെട്ടതിനാലാണെന്നു തോന്നുന്നു (തമാര അതു് തെളിയിച്ച് പറഞ്ഞില്ല) ഇപ്പോൾ ജയിലിലാണ്. ഇനി ഒരു കൊല്ലംകൂടി ജയിലിൽ കഴിയണം. ഈശ്വരൻെറ ഇച്ഛ അങ്ങിനെയാണ്! തമാറയ്ക്കു മതമില്ല, അവരുടെ അമ്മയ്ക്കും മതമുണ്ടോ എന്നു പറയാനാവില്ലത്രെ. എന്നാലും ഈശ്വരേച്ഛയെപ്പററിയുള്ള ഭാഷാശൈലി തമാര ഉപയോഗിയ്ക്കുകയുണ്ടായി. ചില കുററങ്ങൾക്ക് ലഘുവായ ശിക്ഷയേ റഷ്യയിലുള്ളു, ഏതാണ്ട് നല്ല നടപ്പിന്നു് ജാമ്യം വാങ്ങുന്ന പോലെ. എന്നാൽ ട്രാഫിക്ക് അപകടങ്ങളെ അവർ ഗൌരവമായി കണക്കാക്കുന്നു. അതിനുള്ള ശിക്ഷ അനുഭവിച്ചേ തീരൂ. വേണമെങ്കിൽ അക്കാലത്ത് ലേബർ ക്യാമ്പുകളിൽ പോയി ജോലി ചെയ്യാം. എന്നാൽ ശിക്ഷാവധി കുറഞ്ഞു കിട്ടും, മനുഷ്യസമ്പർക്കവും സൌഭ്രാത്രപൂർണ്ണമായ പെരുമാററവും ഉണ്ടാകുകയും ചെയ്യും. അതിനാൽ അധികം കുററവാളികളും ലേബർ ക്യാമ്പുകളിൽ സ്വമേധയാ പോകുന്നു. തമാറയുടെ മൂത്ത മകൻ 5—ാംസ്റ്റാൻഡേർഡിൽ പഠിക്കുകയാണ്. 12 വയസ്സായി. ഇളയ മകൾക്ക് 1½ വയസ്സേ ആയിട്ടുള്ളു. നോക്കാൻ അമ്മയുള്ളതിനാൽ അവളെ നഴ്സറിയിൽ അയയ്ക്കുന്നില്ല. അവരുടെ പാർപ്പിടത്തിന്നു വാടക എട്ടു റൂബിളോളമേയുള്ളു. പത്രങ്ങളും പുസ്തകങ്ങളും വായിക്കാറുണ്ട്. ഇന്ത്യയിലെ ഇപ്പോഴത്തെ പ്രധാനമന്ത്രി മഹാനായ നെഹ്റുവിൻെറ മകളാണെന്നറിയാം, പേർ ഓർമ്മയില്ല.

ലെനിൻഗ്രാഡ് പട്ടണം തമാറയ്ക്കു് അവളുടെ കൈരേഖപോലെ പരിചി

ച്ചാണ് ഈ സുഹൃത്തിനെ ഞാൻ കണ്ടുമുട്ടിയതു്. ലാററ്വിയയുടെ തലസ്ഥാനമായ റീഗയിൽ നിന്നു് ഇലക്ട്രിക്ക് തീവണ്ടിയിൽ 25 മിനിററ് സഞ്ചരിച്ചാൽ , പൈൻ കാടുകൾക്കിടയിൽ സാനറേറാറിയങ്ങളും വിശ്രമവസതികളും ടെന്നീസ് കോർട്ടുകളും യാട്ട്ക്ലബ്ബുകളും കാഫേകളും സിനിമാതിയേററുകളും സംഗീതശാലകളും ചിതറിക്കിടക്കുന്ന യൂർമാലയിലെത്തും. ഇവിടെ കടൽത്തീരത്ത്, പിസയിലെ ഗോപുരം പോലെ കടലിലേയ്ക്കു ചെരിഞ്ഞു നിൽക്കുന്ന ''യൂറാസ് പേരം'' എന്ന ഹോട്ടലിലാണത്രെ റഷ്യയിലെ ഏററവും മികച്ച വെയ്ററർ സേവനമനുഷ്ഠിക്കുന്നതു്!

ഈ ഹോട്ടലിൻെറ താഴെ, കോവളം ബീച്ചു പോലെ അർദ്ധവൃത്താകൃതിയിലുള്ള കടൽത്തീരത്ത്, നിരന്നു കിടക്കുന്ന ബെഞ്ചുകളിലൊന്നിൽ, ആഴം കുറഞ്ഞു് കറുത്തു കാണപ്പെടുന്നകടലിൽ നീന്തിക്കളിയ്ക്കുന്നവരേയും, കടൽപ്പുറത്ത് വോളിബാൾ കളിക്കുന്നവരെയും, ഏറെക്കുറെ നഗ്നരായി നിന്നും കിടന്നും വെയിൽ കായുന്നവരേയും നോക്കിക്കൊണ്ടിരിയ്ക്കെ, ഏകദേശം പതിന്നാലു വയസ്സുള്ള ഒരാൺകുട്ടി എൻെറ അടുത്തു വന്നു്, ഞാൻ ഇന്ത്യക്കാരനാണോ എന്നു് ഇംഗ്ലീഷിൽ ചോദിച്ചു. അങ്ങിനെ ഞാൻ അവനുമായി സംഭാഷണത്തിലേർപ്പെട്ടു. കസാക്കിസ്ഥാനിൽ നിന്നു വേനൽക്കാലവിശ്രമത്തിന്നു വന്ന ജൂതന്മാരായ ദമ്പതികളുടെ മൂന്നു മക്കളിൽ രണ്ടാമനായിരുന്നു അവൻ. അവൻെറ അമ്മയും അച്ഛനും ഡോക്ടർമാരാണ്. മൂത്ത മകൻ ഉപഭാഷയായി ജർമ്മൻ പഠിക്കുന്നുണ്ട്. രണ്ടാമനും ഇളയവനും ഉപഭാഷയായെടുത്തിട്ടുള്ളതു് ഇംഗ്ലീഷാണ്. ഇംഗ്ലീഷിൽ സംഭാഷണപരിശീലനത്തിന്നു് അവർ പ്രധാനസ്ഥാനം നൽകിയിട്ടുണ്ട്. ഈ പരിശീലനത്തിൻെറ ഭാഗമെന്ന നിലയിലാണ് അവൻ എന്നോടു സംഭാഷണമാരംഭിച്ചതു്. ഏഴാംക്ലാസ്സിൽ പഠിക്കുന്ന അവൻെറ വിദ്യാലയത്തെസ്സംബന്ധിച്ചും കുടുംബത്തെസ്സംബന്ധിച്ചും താല്പര്യങ്ങളെസ്സംബന്ധിച്ചും അവൻ ഞങ്ങളോടു സംസാരിച്ചു. തൻെറ മററു രണ്ടു സഹോദരന്മാരേയും കൂട്ടിക്കൊണ്ടു വന്നു പരിചയപ്പെടുത്തുകയും ചെയ്തു.

വിശപ്പു വർദ്ധിച്ചു വന്നതിനാൽ സംഭാഷണം നിർത്തി ഞങ്ങൾ യൂറാസ് പേരം ഹോട്ടലിലേയ്ക്കു പുറപ്പെട്ടു. ഇതിന്നിടയ്ക്ക് ഈ പുതിയ വിദ്യാർത്ഥി സുഹൃത്ത് കുറച്ചു നേരത്തേയ്ക്ക് അപ്രത്യക്ഷനായിരുന്നു. വീണ്ടും ഓടിക്കിതച്ച് എത്തിയ അവൻ ഒരു സാധനം, മടിച്ചു മടിച്ച്, എൻെറ കയ്യിൽ വെച്ചു തന്നു. ഓട്ടപ്പന്തയത്തിൽ ജയിക്കുന്ന കുട്ടികൾക്കു സ്കൂളിൽ നിന്നു കൊടുക്കുന്ന ഒരു ചെറിയ ചതുരബാഡ്ജായിരുന്നു അതു്. സ്വർണ്ണനിറത്തിൽ വില കുറഞ്ഞ ഏതോ ലോഹം കൊണ്ടുണ്ടാക്കിയ അതിന്മേൽ ഓടുന്ന ഒരു കുട്ടിയുടെ ചിത്രമുണ്ട്. അത്രയും നേരം നടന്ന സൌഹാർദ്ദസംഭാഷണത്തിൻെറ സ്മാരകമായി, തൻെറ പ്രിയപ്പെട്ട ഇന്ത്യൻ അതിഥി ആ ബാഡ്ജ് സ്വീകരിയ്ക്കണമെന്നാണ് അവനു വിനീതമായി അഭ്യർത്ഥിയ്ക്കാനുള്ളതു്. ഈ സമ്മാനം എൻെറ ഹൃദയത്തെ സ്പർശിച്ചു. ദൽഹിയിൽ നിന്നു് ഞാൻ വാങ്ങിക്കൊണ്ടു പോയിരുന്ന വില കുറഞ്ഞ ബാൾപോയൻറ് പേന ഞാൻ അവന്നു പ്രതിസമ്മാനമായി നൽകി. ഇന്ത്യയിൽ നിന്നു വന്ന ഈ പത്രപ്രവർത്തകനെപ്പററി അവനും ഓർമ്മിയ്ക്കട്ടെ! വിമാനങ്ങൾ, ഘനയന്ത്രങ്ങൾ, റോക്കററുകൾ മുതലായവയുടെ നിർമ്മാണത്തിൽ ലോകത്തിൻെറ മുന്നണിയിൽ നിൽക്കുന്നതെങ്കിലും സോവ്യററ് റഷ്യയിൽ ബാൾപോയൻറ് പേനകൾ കിട്ടാൻ ഇപ്പോഴും വളരെ പ്രയാസമാണെന്നു് അതിന്നു മുമ്പു തന്നെ ഞാൻ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

വത്തിന്നു പറഞ്ഞിട്ടുള്ളതു്. ഇരുനൂറു രൂപവരെ ഈ വസ്തുവിന്മേൽ വാങ്ങാനുള്ള അധികാരമേ അമ്മായിക്കുള്ളു.

ചോ—[illegible] വസ്തുക്കൾ കൈവശം കൊടുത്ത [illegible] വാങ്ങി ഞങ്ങൾക്കു തരണമെന്നാണ് ആഗ്രഹം. (ഞങ്ങളുടെ കൂടെയാണ് താമസം അമ്മായി ഇപ്പോൾ)

ഉ—ഇഷ്ടദാനമനുസരിച്ച് വസ്തു കൈമാറിയിട്ടുണ്ടെങ്കിൽ തിരികെ കിട്ടാൻ വിഷമം. അമ്മായി മരിക്കുന്നതുവരെ അവരുടെ കൈവശമെന്നു വെച്ചിട്ടുണ്ടെങ്കിൽ അതു ദാനത്തീരാവില്ല ഒരൊസ്യത്തു മാത്രമേ ആവുകയുള്ളു. അപ്പോൾ അതു റദ്ദു് ചെയ്തു നിങ്ങളുടെ പേർക്ക് എഴുതാം. നിങ്ങളുടെ പേർക്കു തന്നാൽ ആർക്കും അവകാശത്തിന്നു വരാൻ പററില്ല. ഒന്നും ചെയ്യാതെ അവർ മരിച്ചുപോയാൽ അവരുടെ നിയമപ്രകാരമുള്ള അവകാശികൾക്കു സ്വത്തുക്കൾ കിട്ടും. അതൊരു പക്ഷേ നിങ്ങളോ മററു കൂട്ടരോ ആയെന്നു വരില്ല. വേറെ കുഴപ്പമൊന്നുമില്ല.

അവിവേകികൾക്കു അല്പായുസ്സ്

സുന്ദോപസുന്ദന്മാർ 7



വെടിയേററ മാനിനെപ്പോലെ നാരദർ ഓടി. പിതാവായ ബ്രഹ്മാവിൻെറ അടുത്തു ചെന്നു വിവരം പറഞ്ഞു. ബ്രഹ്മാവ് സുന്ദോപസുന്ദന്മാരുടെ അഹന്ത അവസാനിപ്പിക്കാനുറച്ചു.

വിശ്വകർമ്മാവ് വളരെ ശ്രദ്ധയോടെ ഒരു പെണ്ണിനെ സൃഷ്ടിക്കയാണ്. ലോകത്തിലെ സൌന്ദര്യമെല്ലാം കൂടി കൂട്ടിക്കുഴച്ച് കലക്കി അരിച്ച് സത്തെടുത്തു് അവൾക്ക് തിലോത്തമ എന്ന പേരും കൊടുത്ത് സുന്ദോപസുന്ദപുരത്തിലേക്കയച്ചു. ഒരു സ്വകാര്യനിർദ്ദേശവും നൽകി.

നദിയുടെ തീരത്തിൽ അവളിരുന്നു. മാനസോല്ലാസത്തിന്ന് ആരാമത്തിലൂടെ ലാത്തുമ്പോഴാണ് ഒരു സുന്ദരിയുടെ സൌരഭ്യം സുന്ദൻെറ നാസികയിലെത്തിയത്. അനന്തരം ആകെ ആ പെണ്ണിൻെറ ചന്തത്തിൽ മയങ്ങി.

കൈനിറയെ സമ്മാനവും, മുഖത്തു ചന്ദ്രികയുമായി സുന്ദൻ നദീതീരത്തേക്ക്. മന്മഥൻ തുടർച്ചയായി സജീവമായി അദ്ദേഹത്തിൻെറ ജോലി ചെയ്തു, ജ്യേഷ്ഠനോടുന്നതു അനുജൻ കണ്ടു. ലാക്ക് പുള്ളിക്കും പിടികിട്ടി. ഞാൻ മുമ്പേ എന്നായി ഉപസുന്ദൻ. ലക്ഷ്യവും മാർഗ്ഗവും രണ്ടുപേരുടേതും ഒന്നായിരുന്നു. (തുടരും)

സാധു ബീഡി
പുകവലിക്കുന്നവർ കൂടുതൽ ഇഷ്ടപ്പെടുന്ന
Regd. No. 144760
SADHOO BEEDI DEPOT
CANNANORE

പൽപ്പൊടി...
അതു് ഞങ്ങളുടെ
മോണയ്ക്കു്
ആരോഗ്യവും
പല്ലുകൾക്കു്
തിളങ്ങുന്ന
വെണ്മയും നൽകുന്നു
ഏക വില്പന ഏജൻറ്
നോഗി സെയിൽസ് കോർപൊറേഷൻ
ഗണേശ് ബാഗ്, സുമൻ റോഡ്
അന്ധേരി (ഈസ്റ്റ്) ബോംബെ 69 എ. എസ്
MAL

ദിവസം മുഴുവൻ ഉണർവ്വും ഉത്സാഹവും
തോന്നിക്കുന്ന പൌഡർ...
പോൺഡ്സ് ഡ്രീംഫ്ലവർ ടാൽക്

ഏതു് കാലാവസ്ഥയിലും, നിങ്ങൾക്കു് മാത്രമല്ല, വീട്ടിലുള്ള എല്ലാവർക്കും തന്നെ നിത്യോപയോഗത്തിനു് ഉത്തമമായതാണു് പോൺഡ്സ് ഡ്രീംഫ്ലവർ ടാൽക്. അതു് മേൽ തൂവിയാലുള്ള സുഖം ഒന്നു വേറെ തന്നെയാണു്. അതിന്റെ പരിമളം നിങ്ങളേയും ചുറ്റുമുള്ളവരേയും ഒരു പോലെ ആനന്ദഭരിതരാക്കും. വിയർപ്പിനെ അതിവേഗം വലിച്ചെടുക്കുവാൻ അതിനു് പ്രത്യേക ശക്തിയുള്ളതു കൊണ്ടു് വിയർത്തൊലിക്കുന്ന വേനൽക്കാലത്തു് അതു് പ്രത്യേകിച്ചു് അത്യുത്തമമാണു്, അത്യാവശ്യമാണു്. പോൺഡ്സ് ഡ്രീംഫ്ലവർ ടാൽക് മേൽ തൂവി ദിവസം മുഴുവൻ ഉണർവ്വോടെയും ഉല്ലാസത്തോടെയും ഇരിക്കുവിൻ... മേൽ തങ്ങി നിൽക്കുന്ന പരിമളത്തിൽ പരിലസിക്കുവിൻ !

ഏതു നിലക്കാർക്കും
വാങ്ങാവുന്ന, നേരിയ പരിമളമുള്ള
മേത്തരം ടാൽക്കം പൌഡർ

Pond's
Dreamflower talc
Dreamflower talc

ചീസ്ബ്രോ-പോൺഡ്സ്
ഇൻകോർപ്പറേറ്റഡ്
(ക്ലിപ്ത ബാദ്ധ്യതയോടുകൂടി യു.എസ്.എ.യിൽ സംസ്ഥാപിക്കപ്പെട്ടതു്)
P. 56